**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3258** **08-10-2025 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂരിലെ മുണ്ടേരി വഴി മേപ്പാടിയിലേക്ക് പാത നിർമ്മിക്കുന്നതിനായി എന്തെങ്കിലും നിർദേശങ്ങളോ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) | കിഫ്ബി, കെ ആർ .എഫ് .ബി, വനം വകുപ്പ് ഉദ്യോഗസ്ഥർ 15/07/2021- തീയതി സംയുക്ത പരിശോധന നടത്തി മുണ്ടേരി - അരണപ്പുഴ വഴി മേപ്പാടിയിലേക്കുള്ള റോഡ് സാധ്യമായതല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | മലയോര ഹൈവേ ആയ പൂക്കോട്ടുംപാടം മുണ്ടേരി റോഡിന്റെ മൂന്നാം ഘട്ടമായ കാറ്റാടികടവ് മുതൽ ചാത്തമുണ്ട വരെയുള്ള റീച്ച് നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (ബി) | പൂക്കോട്ടുംപാടം - തമ്പുരാട്ടിക്കല്ല് - മുണ്ടേരി സീഡ് ഫാം റോഡ് ഉൾപ്പെടുന്ന മലയോര ഹൈവേ പദ്ധതിക്ക് 10/07/2017 ലെ G.O(Rt) No.942/2017/PWDപ്രകാരം 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. 29/6/2018 തീയതിയിൽ പൂക്കോട്ടുംപാടം - തമ്പുരാട്ടിക്കല്ല് -മുണ്ടേരി സീഡ് ഫാം റോഡിന് 115.38 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഈ റോഡിലെ റീച്ച് ഒന്നായ പൂക്കോട്ടുപാടം മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള പ്രവർത്തിയും റീച്ച് 2 ആയ ചാത്തമുണ്ട മുതൽ മുണ്ടേരി സീഡ് ഫാം വരെയുള്ള പ്രവർത്തിയും പൂർത്തീകരിച്ചു കഴിഞ്ഞു. മൂന്നാം റീച്ചായ കാറ്റാടിക്കടവ് പാലം മുതൽ ചാത്തമുണ്ട വരെയുള്ള റീച്ച് 15/06/2024 ലെ സ.ഉ (കൈ) നം.26/2024/PWD പ്രകാരം മലയോര ഹൈവേ അലൈൻമെന്റിൽ നിന്നും ഒഴിവാക്കി. പ്രസ്തുത റോഡ് 10 മീറ്റർ വീതിയിൽ പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കിഫ്ബി ടി.ആർ.സി ആരംഭിച്ചിരുന്നു. നിലവിൽ നൽകിയിട്ടുള്ള സാമ്പത്തികാനുമതി അപര്യാപ്തമായതിനാൽ അധിക സാമ്പത്തികാനുമതി നൽകേണ്ടതുണ്ട്. പ്രസ്തുത റോഡ് പ്രവർത്തിയിൽ കാറ്റാടിക്കടവ് പാലവും എടക്കര പാലുണ്ട റോഡും ഉൾപ്പെടുത്തി, 12 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ